പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 182

# 2019-ലെ ക്രിമിനൽ നിയമ (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 182

# 2019-ലെ ക്രിമിനൽ നിയമ (കേരള ഭേദഗതി) ബിൽ

763/2019.

# 2019-ലെ ക്രിമിനൽ നിയമ (കേരള ഭേദഗതി ) ബിൽ

## 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയും 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയും കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയും കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം, ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിൻെറ എഴുപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ ക്രിമിനൽ നിയമ(കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1860-ലെ 45-ാം ആക്റ്റിന്റെ ഭേദഗതി.—1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിൽ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്),—

(എ) 21-ാം വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"21ക. പബ്ലിക് സർവന്റിന്റെ കുടുംബാംഗം.—"പബ്ലിക് സർവന്റിന്റെ കുടുംബാംഗം" എന്ന വാക്കുകൾ ഒരു പബ്ലിക് സർവന്റിന്റെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മകൻ, മകൾ, മാതാപിതാക്കൾ എന്നിവരെ കുറിക്കുന്നു.";

(ബി) 332-ാം വകുപ്പിനു ശേഷം താഴെ പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"332 ക. പബ്ലിക് സർവന്റിന്റെ ഒരു കുടുംബാംഗത്തെ സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്നത്.—പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ ഔദ്യോഗിക കർത്തവ്യനിർവ്വഹണത്തിൽ, ഒറ്റയ്ക്കോ കൂട്ടായോ, അങ്ങനെയുള്ള പബ്ലിക് സർവന്റ് ചെയ്തതോ ചെയ്യാൻ കാരണക്കാരനായതോ ആയ ഏതെങ്കിലും പ്രവൃത്തിക്ക് പകരം വീട്ടുന്നതിനായി ആ പബ്ലിക് സർവന്റിന്റെ ഏതെങ്കിലും കുടുംബാംഗത്തിന് സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും, മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.";

(സി) 333-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"333ക. പബ്ലിക് സർവന്റിന്റെ ഒരു കുടുംബാംഗത്തെ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നത്.—ഒരു പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ നിയമാനുസൃതമായ ഔദ്യോഗിക കർത്തവ്യനിർവ്വഹണത്തിൽ, ഒറ്റയ്ക്കോ കൂട്ടായോ, അങ്ങനെയുള്ള പബ്ലിക് സർവന്റ്, ചെയ്തതോ ചെയ്യാൻ കാരണക്കാരനായതോ ആയ ഏതെങ്കിലും പ്രവൃത്തിക്ക് പകരം വീട്ടുന്നതിനായി പബ്ലിക് സർവന്റിന്റെ ഏതെങ്കിലും കുടുംബാംഗത്തിന് സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും പത്ത് വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കും കൂടി അർഹനാകുന്നതും ആണ്.";

(ഡി) 427-ാം വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"427 ക. പൊതുസ്വത്ത് അല്ലാതെയുള്ള വസ്തുവിന് നാശനഷ്ടം ഉണ്ടാക്കുന്ന ദ്രോഹം ചെയ്യുന്നത്.—ഏതെങ്കിലും പ്രവൃത്തികൊണ്ട് ദ്രോഹം ചെയ്യുകയും അതുമൂലം 1951-ലെ ജനപ്രാതിനിധ്യ ആക്റ്റിൻ കീഴിൽ (1951-ലെ 43-ാം കേന്ദ്ര ആക്റ്റ്) രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത രാഷ്ട്രീയ പാർട്ടിയുടെയോ; 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻ കീഴിലോ (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ സമാനമായ മറ്റ് ഏതെങ്കിലും നിയമത്തിൻ കീഴിലോ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സന്നദ്ധ സംഘടനയുടെയോ വസ്തുവിന് നഷ്ടമോ, നാശനഷ്ടമോ വരുത്തുന്ന ഏതൊരാളും അഞ്ച് വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

427 ഖ. പബ്ലിക് സർവന്റിന്റെയോ അല്ലെങ്കിൽ പബ്ലിക് സർവന്റിന്റെ കുടുംബാംഗത്തിന്റെയോ വസ്തുവിന് നാശനഷ്ടം ഉണ്ടാക്കുന്ന ദ്രോഹം ചെയ്യുന്നത്.—ഏതെങ്കിലും പ്രവൃത്തികൊണ്ട് ദ്രോഹം ചെയ്യുകയും പബ്ലിക് സർവന്റ്, അയാളുടെ നിയമാനുസൃതമായ ഔദ്യോഗിക കർത്തവ്യനിർവ്വഹണത്തിൽ, ഒറ്റയ്ക്കോ പബ്ലിക്

സർവ്വന്റുമാരുടെ ഒരു സംഘം എന്ന നിലയിൽ കൂട്ടായോ, അങ്ങനെയുള്ള പബ്ലിക് സർവന്റ് ചെയ്തതോ ചെയ്യാൻ കാരണക്കാരനായതോ ആയ ഏതെങ്കിലും പ്രവൃത്തിക്ക് പകരം വീട്ടുന്നതിനായി പബ്ലിക് സർവന്റിന്റെയോ പബ്ലിക് സർവന്റിന്റെ കുടുംബാംഗത്തിന്റെയോ സ്ഥാവരമോ ജംഗമമോ ആയ വസ്തുവിന് (പ്രതിഷ്ഠാപനം ഉൾപ്പെടെ) നഷ്ടമോ നാശനഷ്ടമോ വരുത്തുന്ന ഏതൊരാളും, അഞ്ച് വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.".

3. <u>1974-ലെ 2-ാം ആക്റ്റിന്റെ ഭേദഗതി.</u>—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്),—

(എ) 357 <u>ഗ</u> വകുപ്പിന് ശേഷം, താഴെപറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"357 <u>ഘ</u>. <u>പിഴ നഷ്ടപരിഹാരവുമായി ക്രമീകരിക്കൽ.</u>—1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 332 <u>ക</u>, 333 <u>ക</u>, 427 <u>ക</u>, 427 <u>ഖ</u> എന്നീ വകുപ്പുകൾക്ക് കീഴിൽ പിഴയ്ക്കുള്ള ഒരു ശിക്ഷാവിധിയോ അല്ലെങ്കിൽ പിഴ ശിക്ഷയുടെ ഭാഗമാകുന്ന ഒരു ശിക്ഷാ വിധിയോ കോടതി ചുമത്തുന്നപക്ഷം, കോടതിയ്ക്ക്, വിധിന്യായം പുറപ്പെടുവിക്കുമ്പോൾ, കുറ്റം മുഖേന വസ്തുവിനുണ്ടായ നഷ്ടത്തിനോ പരിക്കിനോ ഏതെങ്കിലും ആൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ചുമത്തിയ പിഴ മുഴുവനുമോ ഏതെങ്കിലും ഭാഗമോ വിനിയോഗിക്കുവാൻ ഉത്തരവിടാവുന്നതോ, 437-ാം വകുപ്പ്, (3)-ാം ഉപവകുപ്പ്, (ഘ) ഖണ്ഡത്തിൻ കീഴിൽ നിക്ഷേപിച്ച പിഴ, എന്തെങ്കിലുമുണ്ടെങ്കിൽ, കോടതിക്ക് ആ പിഴ ക്രമീകരിക്കാവുന്നതോ ആണ്.";

(ബി) 437-ാം വകുപ്പ്, (3)-ാം ഉപവകുപ്പിന്റെ (ഗ) ഖണ്ഡത്തിനു ശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഘ) അങ്ങനെയുള്ള ആൾ, കുറ്റം ചെയ്തതുമായി ബന്ധപ്പെട്ട് നാശനഷ്ടമുണ്ടാക്കിയതോ നശിപ്പിച്ചതോ ആയ പൊതുസ്വത്തിനോ പൊതുസ്വത്തല്ലാത്ത വസ്തുവിനോ ഉണ്ടാക്കിയ നഷ്ടത്തിന് തുല്യമായ, കോടതി ഉചിതമെന്ന് കരുതുന്ന, ഒരു തുക നിക്ഷേപിക്കേണ്ടതാണ്. ";

(സി) ഒന്നാം പട്ടികയിൽ "1. ഇന്ത്യൻ ശിക്ഷാനിയമ സംഹിതയ്ക്കു കീഴിലുള്ള കുറ്റങ്ങൾ" എന്ന ശീർഷകത്തിനു കീഴിൽ,—

(i) "അദ്ധ്യായം XVI-മനുഷ്യശരീരത്തെ ബാധിക്കുന്ന കുറ്റങ്ങൾ" എന്ന ഉപശീർഷകത്തിനു കീഴിൽ,—

(എ) 332-ാം വകുപ്പിനെ സംബന്ധിച്ച് 1-ാം കോളത്തിലുള്ള ഉൾക്കുറിപ്പുകൾക്കും അതിനുനേരെ 2 മുതൽ 6 വരെ കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, താഴെ പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

| | | | | | |
|---|---|---|---|---|---|
| "332 ക | പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ നിയമാനുസൃതമായ ഔദ്യോഗിക കർത്തവ്യ നിർവ്വഹണത്തിൽ, ഒറ്റയ്ക്കോ കൂട്ടായോ, അങ്ങനെയുള്ള പബ്ലിക് സർവന്റ് ചെയ്തതോ ചെയ്യാൻ കാരണക്കാരനായതോ ആയ ഏതെങ്കിലും പ്രവൃത്തിക്ക് പകരം വീട്ടുന്നതിനായി ആ പബ്ലിക് സർവന്റിന്റെ ഏതെങ്കിലും കുടുംബാംഗത്തിന് സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്നത് | മൂന്ന് വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ | കോഗ്നൈസബിൾ | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ്"; |

(ബി) 333-ാം വകുപ്പിനെ സംബന്ധിച്ച് 1-ാം കോളത്തിലുള്ള ഉൾക്കുറിപ്പുകൾക്കും അതിനുനേരെ 2 മുതൽ 6 വരെ കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, താഴെ പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് : —

| | | | | | |
|---|---|---|---|---|---|
| "333 ക | പബ്ലിക് സർവന്റ് , എന്ന നിലയിൽ അയാളുടെ നിയമാനുസൃതമായ ഔദ്യോഗിക കർത്തവ്യ നിർവ്വഹണത്തിൽ, ഒറ്റയ്ക്കോ കൂട്ടായോ, അങ്ങനെയുള്ള പബ്ലിക് സർവന്റ് ചെയ്തതോ ചെയ്യാൻ കാരണക്കാരനായതോ ആയ ഏതെങ്കിലും പ്രവൃത്തിക്ക് പകരം വീട്ടുന്നതിനായി പബ്ലിക് സർവന്റിന്റെ ഏതെങ്കിലും കുടുംബാംഗത്തിന് സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നത് | പത്ത് വർഷത്തെ തടവും പിഴയും | കോഗ്നൈസബിൾ | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | സെഷൻസ് കോടതി"; |

(ii) "അദ്ധ്യായം XVII-വസ്തുവിനെതിരായ കുറ്റങ്ങൾ" എന്ന ഉപശീർഷകത്തിന് കീഴിൽ, 427-ാം വകുപ്പിനെ സംബന്ധിച്ച് 1-ാം കോളത്തിലുള്ള ഉൾക്കുറിപ്പുകൾക്കും അതിനുനേരെ 2 മുതൽ 6 വരെ കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, താഴെ പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

| | | | | | |
|---|---|---|---|---|---|
| "427 ക | ദ്രോഹവും അതുമൂലം പൊതുസ്വത്ത് ഒഴികെയുള്ള വസ്തുവിന് നഷ്ടമോ നാശനഷ്ടമോ ഉണ്ടാക്കുകയും ചെയ്യുന്നത് | അഞ്ചു വർഷത്തെ തടവും പിഴയും | കോഗ്നൈസബിൾ | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ്"; |
| 427 ഖ | ദ്രോഹവും അതുമൂലം പബ്ലിക് സർവന്റിന്റെയോ അല്ലെങ്കിൽ പബ്ലിക് സർവന്റിന്റെ കുടുംബാംഗത്തിന്റെയോ വസ്തുവിന് നഷ്ടമോ നാശനഷ്ടമോ ഉണ്ടാക്കുകയും ചെയ്യുന്നത് | അഞ്ചു വർഷത്തെ തടവും പിഴയും | കോഗ്നൈസബിൾ | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ്". |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പബ്ലിക് സർവന്റുമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മേലുള്ള ആക്രമണങ്ങളും അവരുടെ വസ്തുവിന്റെ നശീകരണവും വർദ്ധിച്ചു വരുന്നത് കണക്കിലെടുത്തുകൊണ്ട് അങ്ങനെയുള്ള നശീകരണ പ്രവണതയുള്ള പ്രവൃത്തികൾ തടയുന്നതിനും അങ്ങനെയുള്ള പ്രവൃത്തികൾ ശിക്ഷിക്കപ്പെടുന്നതാക്കുന്നതിനും വേണ്ടി 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെയും (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെയും (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ ഭേദഗതി ചെയ്ത് അനുയോജ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കേണ്ടത് ആവശ്യമാണ്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

(ശരിത്തർജ്ജമ)

## 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

### (1860-ലെ 45-ാം കേന്ദ്ര ആക്ട്)

** ** ** **

21. "<u>പബ്ലിക് സർവന്റ്</u>".—"പബ്ലിക് സർവന്റ്" എന്ന വാക്കുകൾ ഇതിന് താഴെ കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ ഏതെങ്കിലും ഒന്നിൽ പെടുന്ന ഒരാളെ കുറിക്കുന്നു, അതായത്:—

** ** ** **

രണ്ടാമത്:—ഭാരതത്തിലെ കരസേനയിലെയൊ നാവിക സേനയിലെയൊ വ്യോമസേനയിലെയൊ ഏതൊരു കമ്മീഷൻഡ് ആഫീസറും ;

മൂന്നാമത്:—തനിച്ചോ, അല്ലെങ്കിൽ ആളുകളുടെ ഏതെങ്കിലും നികായത്തിലെ ഒരംഗമെന്ന നിലയിലോ, ന്യായനിർണ്ണയം ചെയ്യുന്നതിനുള്ള ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്നതിന് നിയമം അധികാരപ്പെടുത്തിയ ഏതെങ്കിലും ആൾ ഉൾപ്പെടെ, ഏതൊരു ജഡ്ജിയും ;

നാലാമത്:—നിയമപരമോ വസ്തുതാപരമോ ആയ ഏതെങ്കിലും വിഷയത്തെപ്പറ്റി അന്വേഷണം നടത്തുകയോ റിപ്പോർട്ട് ചെയ്യുകയോ, ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ, പ്രമാണീകരിക്കുകയോ, സൂക്ഷിക്കുകയോ, ഏതെങ്കിലും വസ്തു ഏറ്റെടുക്കുകയോ, വ്യയനം ചെയ്യുകയോ, ഏതെങ്കിലും ജുഡീഷ്യൽ പ്രോസസ്സ് നടത്തുകയോ, ഏതെങ്കിലും ശപഥം ചെയ്യിക്കുകയോ, ദ്വിഭാഷിയായി പ്രവർത്തിക്കുകയോ, കോടതിയിൽ സമാധാനം പാലിക്കുകയോ ചെയ്യുന്നത് ഒരു നീതിന്യായക്കോടതിയിലെ ഒരു ഉദ്യോഗസ്ഥൻ എന്ന നിലക്ക് ആരുടെ കർത്തവ്യമാണോ, അങ്ങനെയുള്ള ലിക്വിഡേറ്ററോ റിസീവറോ കമ്മീഷണറോ ഉൾപ്പെടെ ഏതൊരുദ്യോഗസ്ഥനും, അങ്ങനെയുള്ള ഏതെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ ഒരു നീതിന്യായക്കോടതി പ്രത്യേകമായി പ്രാധികാരം നല്കിയിട്ടുള്ള ഏതൊരാളും ;

അഞ്ചാമത്:—ഒരു നീതിന്യായ കോടതിക്കോ ഒരു പബ്ലിക് സർവന്റിനോ സഹായം നല്കുന്ന ഏതൊരു ജൂറി അംഗവും അസ്സസ്സറും അല്ലെങ്കിൽ, പഞ്ചായത്തംഗവും ;

ആറാമത്.—ഏതെങ്കിലും നീതിന്യായക്കോടതിയോ, ക്ഷമതയുള്ള മറ്റ് ഏതെങ്കിലും പൊതു അധികാരസ്ഥാനമോ ഏതെങ്കിലും വിവാദമോ വിഷയമോ തീരുമാനത്തിനോ റിപ്പോർട്ടിനോ ആയി ഏതൊരു മദ്ധ്യസ്ഥനോ മറ്റ് ആൾക്കോ ആണ് അയച്ചുകൊടുക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള മദ്ധ്യസ്ഥനോ മറ്റ് ആളോ ;

ഏഴാമത്.—ഏത് ഉദ്യോഗം വഹിക്കുന്നതിന്റെ ബലത്തിലാണോ ഒരാൾ ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കുവാനോ സൂക്ഷിക്കുവാനോ അധികൃതനാകുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഏതൊരാളും ;

എട്ടാമത്.—ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ കുറ്റങ്ങൾ തടയുകയോ കുറ്റങ്ങൾ സംബന്ധിച്ച് വിവരങ്ങൾ നൽകുകയോ; കുറ്റക്കാരെ നീതിന്യായവിചാരണയ്ക്ക് വിധേയരാക്കുകയോ അല്ലെങ്കിൽ പൊതുജനങ്ങളുടെ ആരോഗ്യമോ ഭദ്രതയോ സൗകര്യമോ രക്ഷിക്കുകയോ ചെയ്യുന്നത് ഏതൊരു സർക്കാർ ഉദ്യോഗസ്ഥന്റെ കർത്തവ്യമാണോ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ;

ഒൻപതാമത്.—ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ സർക്കാരിനുവേണ്ടി ഏതെങ്കിലും വസ്തു എടുക്കുകയോ സ്വീകരിക്കുകയോ സൂക്ഷിക്കുകയോ വ്യയം ചെയ്യുകയോ, അല്ലെങ്കിൽ സർക്കാരിനുവേണ്ടി ഏതെങ്കിലും സർവ്വേ നടത്തുകയോ മതിപ്പ് നിശ്ചയിക്കുകയോ കോൺട്രാക്ടിൽ ഏർപ്പെടുകയോ, അല്ലെങ്കിൽ ഏതെങ്കിലും റവന്യൂ പ്രോസസ് നടത്തുകയോ, അല്ലെങ്കിൽ സർക്കാരിന്റെ ധനപരമായ താൽപ്പര്യങ്ങളെ ബാധിക്കുന്ന ഏതെങ്കിലും വിഷയത്തെക്കുറിച്ച് അന്വേഷിക്കുകയോ റിപ്പോർട്ട് ചെയ്യുകയോ, അല്ലെങ്കിൽ സർക്കാരിന്റെ ധനപരമായ താൽപ്പര്യങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ പ്രമാണീകരിക്കുകയോ സൂക്ഷിക്കുകയോ, അല്ലെങ്കിൽ സർക്കാരിന്റെ ധനപരമായ താൽപ്പര്യങ്ങളുടെ രക്ഷണത്തിനുള്ള ഏതെങ്കിലും നിയമത്തിന്റെ ലംഘനം തടയുകയോ ചെയ്യുന്നത് ഏതൊരു ഉദ്യോഗസ്ഥന്റെ കർത്തവ്യമാണോ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ;

പത്താമത്.—ഏതെങ്കിലും ഗ്രാമത്തിന്റേയോ പട്ടണത്തിന്റേയോ ജില്ലയുടേയോ മതേതരമായ പൊതു ആവശ്യത്തിനുവേണ്ടി ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഏതെങ്കിലും വസ്തു എടുക്കുകയോ സ്വീകരിക്കുകയോ സൂക്ഷിക്കുകയോ വ്യയം ചെയ്യുകയോ, ഏതെങ്കിലും സർവ്വേ നടത്തുകയോ മതിപ്പ് നിശ്ചയിക്കുകയോ, ഏതെങ്കിലും റേറ്റോ നികുതിയോ ലെവി ചെയ്യുകയോ, അല്ലെങ്കിൽ ഏതെങ്കിലും ഗ്രാമത്തിലേയോ പട്ടണത്തിലേയോ ജില്ലയിലേയോ ജനങ്ങളുടെ അവകാശങ്ങൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ പ്രമാണീകരിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നത് ഏതൊരു ഉദ്യോഗസ്ഥന്റെ കർത്തവ്യമാണോ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ;

പതിനൊന്നാമത്.—ഏത് ഉദ്യോഗം വഹിക്കുന്നതിന്റെ ബലത്തിലാണോ, ഒരാൾ തിരഞ്ഞെടുപ്പ് പട്ടിക തയ്യാറാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ വച്ചു പോരുകയോ പുതുക്കുകയോ ചെയ്യുവാനോ, അല്ലെങ്കിൽ ഒരു തിരഞ്ഞെടുപ്പോ തിരഞ്ഞെടുപ്പിന്റെ ഭാഗമോ നടത്തുവാനോ അധികൃതനാകുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഏതൊരാളും ;

പന്ത്രണ്ടാമത്.—(ക) സർക്കാരിന്റെ സർവ്വീസിലോ ശമ്പളത്തിലോ ഇരിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും പബ്ലിക്ക് കർത്തവ്യം നിർവ്വഹിക്കുന്നതിന് ഫീസോ കമ്മീഷനോ വേതനമായി സർക്കാരിൽ നിന്നും ലഭിക്കുകയോ ;

(ഖ) ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ, ഒരു കേന്ദ്ര ആക്ടോ പ്രവിശ്യാ ആക്ടോ സംസ്ഥാന ആക്ടോ മുഖേനയോ, അങ്ങനെയുള്ള ആക്ടിൻ കീഴിലോ സ്ഥാപിക്കപ്പെട്ട ഒരു ഏകാംഗയോഗത്തിന്റെയോ, അല്ലെങ്കിൽ കമ്പനി ആക്ട് 1956-ലെ (1956-ലെ 1) 617-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു സർക്കാർ കമ്പനിയുടെയോ സർവ്വീസിലോ ശമ്പളത്തിലോ ഇരിക്കുകയോ,

ചെയ്യുന്ന ഏതൊരാളും.

വിശദീകരണം 1.—മുകളിൽ കൊടുത്തിട്ടുള്ള വിവരണങ്ങളിൽ ഏതെങ്കിലും ഒന്നിൽപ്പെടുന്ന ആളുകൾ സർക്കാരിനാൽ നിയമിക്കപ്പെട്ടവരാണെങ്കിലും, അല്ലെങ്കിലും പബ്ലിക് സർവന്റുമാരാകുന്നു.

വിശദീകരണം 2.—"പബ്ലിക് സർവന്റ് " എന്ന വാക്ക് വരുന്നിടത്തെല്ലാം അത് ഒരു പബ്ലിക് സർവന്റ് സ്ഥാനം യഥാർത്ഥത്തിൽ വഹിക്കുന്ന ഏതൊരാളെയും കുറിച്ചുള്ളതായി, ആ സ്ഥാനം വഹിക്കുവാനുള്ള അയാളുടെ അവകാശത്തിന് എന്ത് നിയമപരമായ ന്യൂനത ഉണ്ടായിരുന്നാലും, മനസ്സിലാക്കേണ്ടതാകുന്നു.

വിശദീകരണം 3.—"തിരഞ്ഞെടുപ്പ് " എന്ന വാക്ക്, ഏത് നിയമനിർമ്മാണാധികാര സ്ഥാനത്തേക്കോ മുനിസിപ്പൽ അധികാരസ്ഥാനത്തേക്കോ മറ്റ് പൊതു അധികാര സ്ഥാനത്തേക്കോ, അത് ഏത് സ്വഭാവത്തിലുള്ളതായാലും, ഉള്ള വരണത്തിന്റെ രീതിയാണോ തിരഞ്ഞെടുപ്പ് മുഖേന ആയിരിക്കണമെന്ന് ഏതെങ്കിലും നിയമത്താലോ നിയമത്തിൻ കീഴിലോ നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള അധികാര സ്ഥാനത്തിലെ അംഗങ്ങളെ വരണം ചെയ്യുവാൻ വേണ്ടിയുള്ള തിരഞ്ഞെടുപ്പിനെ കുറിക്കുന്നു.

** ** ** **

332. <u>പബ്ലിക് സർവന്റ് തന്റെ കർത്തവ്യത്തിൽ നിന്ന് ഭയന്ന് പിന്തിരിയുവാൻ വേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്നത്</u>.—ഒരു പബ്ലിക് സർവന്റായ ഏതെങ്കിലും ആൾക്ക്, അയാൾ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ

കർത്തവ്യ നിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴോ, അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യം നിർവ്വഹിക്കുന്നതിൽ നിന്ന് അയാളെയോ മറ്റേതെങ്കിലും പബ്ലിക് സർവന്റിനെയോ തടയുകയോ അയാൾ ഭയന്ന് പിൻതിരിയുവാൻ ഇടയാക്കുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ നിയമാനുസൃതമായ കർത്തവ്യനിർവ്വഹണത്തിൽ അയാൾ ചെയ്തതോ ചെയ്യുവാൻ ശ്രമിച്ചതോ ആയ എന്തിന്റെയെങ്കിലും അനന്തരഫലമായോ, സ്വേച്ഛയാ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

333. <u>പബ്ലിക് സർവന്റ് തന്റെ കർത്തവ്യത്തിൽ നിന്ന് ഭയന്ന് പിന്തിരിയുവാൻവേണ്ടി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നത്.</u>—ഒരു പബ്ലിക് സർവന്റായ ഏതെങ്കിലും ആൾക്ക്, അയാൾ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യ നിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴോ, അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യം നിർവ്വഹിക്കുന്നതിൽ നിന്ന് അയാളെയോ മറ്റേതെങ്കിലും പബ്ലിക് സർവന്റിനെയോ തടയുകയോ അയാൾ ഭയന്ന് പിൻതിരിയുവാൻ ഇടയാക്കുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക് സർവന്റ് എന്ന നിലയിൽ അയാളുടെ നിയമാനുസൃതമായ കർത്തവ്യനിർവ്വഹണത്തിൽ അയാൾ ചെയ്തതോ ചെയ്യുവാൻ ശ്രമിച്ചതോ ആയ എന്തിന്റെയെങ്കിലും അനന്തരഫലമായോ, സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

** ** ** **

427. <u>അമ്പതു രൂപയുള്ള ചേതം ഉണ്ടാക്കുന്ന ദ്രോഹം.</u>—ചേതം ചെയ്യുകയും അതുവഴി അമ്പതു രൂപയ്ക്കോ അതിൽ കൂടുതൽ തുകയ്ക്കോ നഷ്ടമോ നാശനഷ്ടമോ ഉണ്ടാക്കുകയും ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

** ** ** **

# 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്)

** ** ** **

357 ക. <u>ഇരയ്ക്ക് നഷ്ടപരിഹാരം നൽകൽ പദ്ധതി.</u>—(1) ഓരോ സംസ്ഥാന സർക്കാരും, കേന്ദ്രസർക്കാരുമായി ഏകോപിപ്പിച്ചുകൊണ്ട്, കുറ്റത്തിന്റെ ഫലമായി നഷ്ടമോ പരിക്കോ സംഭവിച്ചതും പുനരധിവാസം ആവശ്യമുള്ളതുമായ ഇരയ്ക്കോ അയാളുടെ ആശ്രിതർക്കോ നഷ്ടപരിഹാരം നൽകുന്ന ആവശ്യത്തിലേക്കായി ഫണ്ടുകൾ ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കേണ്ടതാണ്.

(2) നഷ്ടപരിഹാരത്തിന് കോടതി ശുപാർശ ചെയ്യുമ്പോൾ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയോ സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയോ, അതതു സംഗതിപോലെ, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പദ്ധതി പ്രകാരം നൽകേണ്ടതായ നഷ്ടപരിഹാരത്തിന്റെ അളവ് നിശ്ചയിക്കേണ്ടതാണ്.

(3) വിചാരണക്കോടതിയ്ക്ക് വിചാരണയുടെ പരിസമാപ്തിയിൽ, 357-ാം വകുപ്പുപ്രകാരം വിധിച്ച നഷ്ടപരിഹാരം അങ്ങനെയുള്ള പുനരധിവാസത്തിന് പര്യാപ്തമല്ലെന്ന് ബോധ്യം വരികയോ അല്ലെങ്കിൽ കേസുകൾ കുറ്റവിമുക്തമാക്കലിലോ ഡിസ്ചാർജിലോ പര്യവസാനിയ്ക്കുകയും ഇരയെ പുനരധിവസിപ്പിക്കേണ്ടതായിരിക്കുകയും ചെയ്യുന്നിടത്ത്, അതിന് നഷ്ടപരിഹാരത്തിനായി ശുപാർശ ചെയ്യാവുന്നതാണ്.

(4) കുറ്റം ചെയ്ത ആളെ കണ്ടെത്തുകയോ തിരിച്ചറിയുകയോ ചെയ്യാതിരിക്കുകയും എന്നാൽ ഇരയെ തിരിച്ചറിയുകയും ചെയ്യുന്നിടത്തും വിചാരണ നടക്കാതിരിക്കുന്നിടത്തും ഇരയ്ക്കോ അയാളുടെ ആശ്രിതർക്കോ, നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന അല്ലെങ്കിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിക്ക് ഒരു അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(5) അങ്ങനെയുള്ള ശുപാർശയോ (4)-ാം ഉപവകുപ്പിൻ കീഴിലുള്ള അപേക്ഷയോ ലഭിച്ചതിന്മേൽ, സംസ്ഥാന അല്ലെങ്കിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, ഉചിതമായ അന്വേഷണത്തിനുശേഷം, അന്വേഷണം രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാക്കിക്കൊണ്ട്, മതിയായ നഷ്ടപരിഹാരം നൽകേണ്ടതാണ്.

(6) സംസ്ഥാന അല്ലെങ്കിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിക്ക്, അതതു സംഗതിപോലെ, ഇരയുടെ യാതന ലഘൂകരിക്കുന്നതിനായി, പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥന്റെയോ ബന്ധപ്പെട്ട പ്രദേശത്തെ ഒരു മജിസ്ട്രേറ്റിന്റെയോ, സാക്ഷ്യപത്രത്തിന്മേൽ, അടിയന്തര പ്രഥമശുശ്രൂഷാ സൗകര്യമോ മെഡിക്കൽ ആനുകൂല്യങ്ങളോ സൗജന്യമായി ലഭ്യമാക്കുന്നതിനോ അല്ലെങ്കിൽ സമുചിത അതോറിറ്റി ഉചിതമെന്നു കരുതുന്ന മറ്റ് ഏതെങ്കിലും ഇടക്കാല ആശ്വാസത്തിനോ ഉത്തരവ് ചെയ്യാവുന്നതാണ്.

357 ഖ. നഷ്ടപരിഹാരം ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 326 ക വകുപ്പിനോ 376 ഘ വകുപ്പിനോ കീഴിലുള്ള പിഴയ്ക്കു പുറമേ ആയിരിക്കുമെന്ന്.— 357 ക വകുപ്പിൻ കീഴിൽ സംസ്ഥാന സർക്കാർ കൊടുക്കേണ്ട നഷ്ടപരിഹാരം, ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45) 326 ക വകുപ്പിനോ 376 ഘ വകുപ്പിനോ കീഴിൽ പിഴ ഇരയ്ക്കു കൊടുക്കുന്നതിനുപുറമേ ആയിരിക്കുന്നതാണ്.

357 ഗ. ഇരകളുടെ ചികിത്സ.—കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശസ്ഥാപനങ്ങളോ മറ്റേതെങ്കിലും ആളോ നടത്തുന്ന എല്ലാ പൊതു അല്ലെങ്കിൽ സ്വകാര്യ ആശുപത്രികളും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45) 326 ക, 376, 376 ക, 376 ഖ, 376 ഗ, 376 ഘ അല്ലെങ്കിൽ 376 ങ വകുപ്പിനോ കീഴിൽ വരുന്ന ഏതെങ്കിലും കുറ്റത്തിന്റെ ഇരകൾക്ക് പ്രഥമശുശ്രൂഷയോ വൈദ്യചികിത്സയോ സൗജന്യമായി അടിയന്തരമായി നല്കേണ്ടതും, അങ്ങനെയുള്ള സംഭവത്തെക്കുറിച്ച് പോലീസിനെ ഉടൻ അറിയിക്കേണ്ടതുമാണ്.

** ** ** **

437. ജാമ്യം അനുവദിക്കേണ്ടതല്ലാത്ത കുറ്റത്തിന്റെ സംഗതിയിൽ എപ്പോൾ ജാമ്യം വാങ്ങണമെന്ന്.—(1) ജാമ്യം അനുവദിക്കേണ്ടതല്ലാത്ത ഏതെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെന്ന് കുറ്റാരോപണം ചെയ്യപ്പെടുന്നതോ സംശയിക്കപ്പെടുന്നതോ ആയ ഏതെങ്കിലും ആൾ, ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനാൽ വാറന്റ് കൂടാതെ അറസ്റ്റു ചെയ്യപ്പെടുകയോ തടങ്കലിൽ വയ്ക്കപ്പെടുകയോ; അല്ലെങ്കിൽ അയാൾ ഹൈക്കോടതിയോ സെഷൻസ് കോടതിയോ അല്ലാത്ത ഒരു കോടതി മുമ്പാകെ ഹാജരാകുകയോ കൊണ്ടുവരപ്പെടുകയോ ചെയ്യുമ്പോൾ, അയാളെ ജാമ്യത്തിൽ വിമോചിപ്പിക്കാവുന്നതും എന്നാൽ—

** ** ** **

(2) ** ** ** **

(3) ഏഴു വർഷത്തോളമോ അതിൽ അധികമോ ആകാവുന്ന തടവുനൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റമോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത VI-ാം അദ്ധ്യായത്തിനോ XVI-ാം അദ്ധ്യായത്തിനോ XVII-ാം അദ്ധ്യായത്തിനോ കീഴിലുള്ള ഒരു കുറ്റമോ ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റത്തിന് പ്രേരണ നൽകുകയോ, അതു ചെയ്യാൻ ഗൂഢാലോചന ചെയ്യുകയോ ശ്രമിക്കുകയോ ചെയ്തിട്ടുണ്ടെന്നോ, കുറ്റാരോപണം ചെയ്യപ്പെടുന്നതോ സംശയിക്കപ്പെടുന്നതോ ആയ ഒരാൾ (1)-ാം ഉപവകുപ്പിൻ കീഴിൽ ജാമ്യത്തിൽ വിമോചിപ്പിക്കപ്പെടുമ്പോൾ, കോടതിക്ക്,—

(ക) ഈ അദ്ധ്യായത്തിൻകീഴിൽ ഒപ്പിട്ടു പൂർത്തീകരിച്ച ബോണ്ടിലെ ഉപാധികൾ അനുസരിച്ച് അങ്ങനെയുള്ള ആൾ ഹാജരാകണമെന്നും ;

(ബി) അങ്ങനെയുള്ള ആൾ അയാൾ ഏതു കുറ്റത്തിനാണോ കുറ്റാരോപണം ചെയ്യപ്പെട്ടിട്ടുള്ളത് അല്ലെങ്കിൽ സംശയിക്കപ്പെട്ടിട്ടുള്ളത്, അയാൾ ഏത് കുറ്റം ചെയ്തതായിട്ടാണോ സംശയിക്കപ്പെടുന്നത് അങ്ങനെയുള്ള കുറ്റത്തിന് സദൃശ്യമായ ഒരു കുറ്റം ചെയ്യാൻ പാടില്ലായെന്നും ;

(സി) അങ്ങനെയുള്ള ആൾ കേസിന്റെ വസ്തുതകൾ നേരിട്ട് അറിവുള്ള ഏതെങ്കിലും ആളെ, അയാൾ അങ്ങനെയുള്ള വസ്തുതകൾ കോടതിയോടോ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോടോ വെളിപ്പെടുത്തുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിലേക്കായി പ്രത്യക്ഷമായോ പരോക്ഷമായോ എന്തെങ്കിലും പ്രചോദനം നൽകുകയോ ഭീഷണിപ്പെടുത്തുകയോ വാഗ്ദാനം നല്കുകയോ അല്ലെങ്കിൽ തെളിവുകൾ കേടുവരുത്തുകയോ ചെയ്യാൻ പാടില്ല എന്നും,

ഉള്ള വ്യവസ്ഥകൾ ചുമത്തേണ്ടതും നീതിയുടെ താല്പര്യാർത്ഥം അത് ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള മറ്റു വ്യവസ്ഥകൾ കൂടി ചുമത്താവുന്നതുമാണ്.

<u>ഒന്നാം പട്ടിക</u>

## കുറ്റങ്ങൾ തരംതിരിക്കൽ

** ** ** **

1. <u>ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിൻ കീഴിലുള്ള കുറ്റങ്ങൾ</u>

| വകുപ്പ് | കുറ്റം | ശിക്ഷ | കോഗ്നൈസബിളോ നോൺ-കോഗ്നൈസബിളോ എന്ന് | ജാമ്യം അനുവദിക്കേണ്ടതോ ജാമ്യം അനുവദിക്കേണ്ടതല്ലാത്തതോ, എന്ന് | ഏത് കോടതിയാൽ വിചാരണ ചെയ്യപ്പെടാമെന്ന് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | <u>അദ്ധ്യായം XVI - മനുഷ്യശരീരത്തെ ബാധിക്കുന്ന കുറ്റങ്ങൾ</u> | | | |
| ** | ** | | ** | | ** |
| 332 | പബ്ലിക് സർവന്റ് തന്റെ കർത്തവ്യത്തിൽ നിന്ന് ഭയന്ന് പിൻതിരിയുവാൻ വേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത് | 3വർഷത്തെ തടവോ, പിഴയോ രണ്ടും കൂടിയോ | കോഗ്നൈസബിൾ | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 333 | പബ്ലിക് സർവന്റ് തന്റെ കർത്തവ്യത്തിൽ നിന്ന് ഭയന്ന് പിൻതിരിയുവാൻ വേണ്ടി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത് | 10 വർഷത്തെ തടവും പിഴയും | കോഗ്നൈസബിൾ | ജാമ്യം അനുവദിക്കേണ്ടതല്ലാത്തത് | സെഷൻസ് കോടതി |

** ** ** **

<u>അദ്ധ്യായം XVII - വസ്തുവിനെതിരായ കുറ്റങ്ങൾ</u>

** ** ** **

| | | | | | |
|---|---|---|---|---|---|
| 427 | ദ്രോഹവും അതുവഴി 50 രൂപയ്ക്കോ, അതിൽ കൂടുതൽ തുകയ്ക്കോ ഉള്ള ചേതം ഉണ്ടാക്കുകയും ചെയ്യുന്നത് | 2വർഷത്തെ തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ | കോഗ്നൈസബിളല്ലാത്തത് | ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേറ്റ് |

** ** ** **